# സ്ഫടികക്കണ്ണുള്ള

# നക്ഷത്രങ്ങൾ



Little Kites 2020

ഇ.എം.എസ്. ജി.എച്ച്.എസ്സ്.എസ്സ് പെരുമണ്ണ

E
d
i
t
desk

ചീഫ്എഡിറ്റർ

അബ്ദുറസാഖ് എൻ (ഹെഡ്മാസ്റ്റർ )

സ്റ്ററാഫ്എഡിറ്റർ

സൽമ ടി പി

മുൻസീർ സി

സ്റ്റുഡൻറ് എഡിറ്റർ

ഫഹദ് കെ പി

ചിത്രങ്ങൾ

അനുസാരംഗ്

അംഗങ്ങൾ

അനുഷഷൈനു

ഫാത്തിമ ഷിഫാന

അനുഷ എ

മുഹമ്മദ് റിഷാൻ

മുഹമ്മദ് യാസിൻഷ



# മു
# ഖ
# മൊ
# ഴി

സൈബർ ലോകങ്ങൾ
ആവിഷ്കാരങ്ങൾക്കായി മലർക്കെ
തുറന്നിടുന്ന കാലത്ത്  തങ്ങളുടെ
ഭാവനകളെ നക്ഷത്രങ്ങളായി
ജ്വലിപ്പിക്കാൻ ശ്രമിക്കുന്നവരുടെ
കൂട്ടിച്ചേർക്കലുകൾ ആണിത് .
സ്വപ്നങ്ങൾ അക്ഷരങ്ങളായി
പ്രതീതി യാഥാർത്ഥ്യങ്ങളുടെ
ലോകത്തേക്ക്
കൂടുമാറുന്നു .മരച്ചില്ലകളിൽ
നക്ഷത്രങ്ങൾ തൂങ്ങിയാടുന്നത്
സ്വപ്നം കാണുന്നവന് ഇത്
വായിക്കാനാവും.പരിമിത
സമയത്തിലെ എളിയ ശ്രമത്തെ
സമർപ്പിക്കുന്നു.

പ്രണാമം

സൽമ.ടി.പി
മുൻസീർ.സി



# ഉൾപ്പുറങ്ങളിൽ


| | |
|---|---|
| വിദ്യാർത്ഥികൾ | ഫാത്തിമ നസ്റി പി പി |
| മാർക്കുൽപാദന യന്ത്രങ്ങളല്ല | 9.A |
| അശോകം ശോകനാശിനി | അർച്ചന 8.E |
| കുഞ്ഞുമനസ്സിന്റെ തേങ്ങൽ | ചിത്രലേഖ എൻ കെ 8.A |
| THE THREE INTIMATE FRIENDS | Muhammed Rishan 9.A |
| നമുക്ക് തിരിച്ചുപോകാം | |
| കത്തെഴുത്തിലേക്ക് | നസ്റ്റിൻ.വി 8.D |
| അപരിചിതം | ഷെറീന കെ |
| ഇലയും പൂവും | ധന്യ സി |
| മന്ത്രം | ഋത്വിക് ഗോപാൽ 10.B |
| മാഷിന്റെ വല്ലാത്ത ഒരു കഥ | അഭിനവ് മെൽവിൻ8.B |
| ഈറൻമിഴി | സമീഹ 8.A |
| കടത്തുതോണി | ഷൈനി കെ |






ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അതിന്റെ മുഴുവൻ സാധ്യതയും ഉപയോഗിച്ചുകൊണ്ട്  കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയാണ് ഇവിടെ. എല്ലാവിധ വിധ ആശംസകളും

ഹെഡ്മാസ്റ്റർ

അബ്ദുറസാഖ്



വിവരസാങ്കേതിക വിദ്യയുടെ സൂര്യകിരണങ്ങൾ ജീവിതത്തിന്റെ സമസ്ത മേഖലകളേയും പ്രകാശിപ്പിക്കുമ്പോൾ സർഗാവിഷ്കാരങ്ങളുടെയും പ്രതലം അത് തന്നെയാണ്. എഴുത്തിന്റെയും വരയുടേയും ലോകത്തേക്ക് നാമ്പിടുന്ന ഈ മുകുളങ്ങളെ ഒന്നിച്ച് ചേർക്കാനുള്ള പ്രയത്നം അഭിനന്ദനാർഹമാണ്. ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങൾക്കും മാഗസിനും എല്ലാവിധ ഭാവുകങ്ങളും

മിനികുമാരി. ആർ

പ്രിൻസിപ്പൽ



കേരളക്കരയിൽ പൊതു വിദ്യാഭ്യാസ
മേഖലയാകെ പുത്തനുണർവിൽ
മികച്ചുനിൽക്കുന്ന
വേളയിൽ അക്കാദമിക്ക് നിലവാരത്തിലും
അതോടൊപ്പം തന്നെ ശാസ്ത്രമേഖലയിലും
കായിക മേഖലയിലും മികവാർന്ന
പ്രവർത്തനത്തിലാണ്.അതിനോട്
കിട പിടിക്കുന്നതരത്തിലേക്ക് ഐ.ടി
രംഗത്ത്കുതിച്ചുചാട്ടംനടത്തേണ്ടിയിരിക്കു
ന്നു.അതിന് പ്രയത്നത്തിൽ
ഏർപ്പെട്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾക്കും അതിന്റെ
പിന്നിൽ പ്രവർത്തിച്ചവർക്കും

അഭിനന്ദനങ്ങൾ......



രാമകൃഷ്ണൻ മല്ലിശ്ശേരി
പി.ടി.എ പ്രസിഡണ്ട്











ചിത്രങ്ങളിലൂടെ






ഇ.എം.എസ്. ജി.എച്ച്.എസ്.എസ്. പെരുമണ്ണ
SSLC, +2 ഉന്നത വിജയികളെ അനുമോദിക്കലും എഡ്യുകെയർ പദ്ധതി ഉദ്ഘാടനവും 2019-20
EMSGHSS
PERUMANNA




राजकीय उच्च माध्यमिक विद्यालय - पेरुमण्णा
प्रेमचंद जयंती
उद्घाटक
श्री. वी. एम. जनार्दनन
EMSGHSS
PERUMANNA

**വി**


**ദ്യാ**

**ർ**

**ത്ഥി**

**ക**

**ൾ**



**ഫാത്തിമ നസ്റി  പി പി**

# മാർക്കുൽപാദന യന്ത്രങ്ങളല്ല

ഒരുപാട് ഓർമ്മകൾ നിറഞ്ഞ ഒരധ്യയന വർഷവും കൂടിപിറവിയെടുക്കുന്നു. വിദ്യ എന്ന സമ്പ്രദായം കാലങ്ങളായി നടന്നു കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും അതിനാൽ ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും ഇന്നത്തെ സമൂഹം ബോധവാൻമാരാണ്. ഉയർന്ന ക്ലാസുകളിൽ ഉയർന്ന് വരുന്ന വിജയ ശതമാനവും അതെല്ലാം നമ്മൾ കൂടുതൽ ബോധവാന്മാരണെന്ന് തെളിയിക്കുന്നു.



വിദ്യാസമ്പ്രദായത്തിൽ വിദ്യയ്ക്കുപകരം അതിന്റെ സ്ഥാനത്തെയാണ് സമൂഹം ഉറ്റുനോക്കുന്നത്. ഇവിടെയാണ് സമൂഹം ബോദ്ധപൂർവ്വം ചിന്തിക്കേണ്ടത്. ഇവിടെ മറന്നു പോകുന്ന യാഥാർത്ഥ്യങ്ങളാണ് നാളയിലെ ചോദ്യങ്ങളായി മാറുന്നത്. ഉയർന്ന മാർക്കോസ്ഥാനമോ അല്ല ഒരു വിദ്യാർത്ഥിയെ അളക്കുന്ന അല്ലങ്കിൽ ഒരു വിദ്യാർത്ഥിയെ വിദ്യാർത്ഥിയാക്കുന്നത്....

വിദ്യ അഭ്യസിക്കണം ഉൾക്കൊള്ളട്ടെവിദ്യകൾ.....

അടയ്ക്കപ്പെട്ട വാതിലുകളെ തുറക്കാനോ ഉറങ്ങിക്കിടക്കുന്ന കലയെ ഉണർത്താനോ ശ്രമിക്കുന്നില്ല. പരീക്ഷ ഭാഗങ്ങൾ മാത്രം പഠിച്ച് പുറംലോകത്തേക്കുള്ള വാതിലുകളെ കൊട്ടിയടിക്കുകയാണ് ഈ നിശ്ചല സമൂഹം.



ജീവിത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ മനസ്സിലാക്കാതെ  വെറും മാർക്കുൽപാദന യന്ത്രങ്ങളായി. മാറിയിരിക്കുകയാണ് സമൂഹം എവിടെയാണ് ഈ ലോകത്തിൽ മാറ്റം വരുത്തേണ്ടത്  അതെ വിദ്യയെന്ന സമ്പ്രദായമാണ് കാരണം ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ പൗരൻമാർ...



വിദ്യാർത്ഥികൾ മാർക്കുൽരാദിപ്പിക്കുന്ന യന്ത്രങ്ങളെയോ അല്ലങ്കിൽ  വിവരങ്ങൾ വിളമ്പുന്ന ഋഗിൾ മാമന്മാരോ അല്ല...നാളത്തെസമൂഹത്തിന്റെ കരുത്തുറ്റ സംഭാവനയാണ് ഒരോ വിദ്യാർത്ഥിയും...

വിദ്യാർത്ഥിയുടെ മേൽ ഉദ്യോഗസ്ഥനല്ല അധ്യാപകൻ .അവന്റെ മനസ്സിനെ നിർമ്മിക്കുന്നതിനും അവനെന്നമനുഷ്യനെ സൃഷ്ട്ടിക്കുന്നതിനും അധ്യാപകൻ ഏറെ പങ്കു വഹിക്കുന്നു

**വിദ്യകൾക്കുപരി ജീവിത മൂല്ല്യങ്ങളുംകൂടി കൂടിയതാണ് വിദ്യാഭ്യാസം എന്ന് ഒരിക്കലെങ്കിലും മനസ്സിനെ പറഞ്ഞു പഠിപ്പിക്കുക**

# അശോകം
# ശോകനാശിനി



**അർച്ചന 8E**


**ദുഃഖം** അഥവാ ശോകം ഇല്ലാതാക്കുന്നതുകൊണ്ടാണ് ഈ മരത്തിന് അശോകം എന്ന പേരുവന്നത്.ശോകത്തെ പുണ്യവൃക്ഷമായി ആരാധിക്കുന്നവർ ഉണ്ട്.അശോകചക്രവർത്തിക്ക് ഏറ്റവും പ്രിയപ്പെട്ട വൃക്ഷമായിരുന്നുഅശോകം.ബുദ്ധൻ പിറന്നുവീണത് അശോകമരത്തിനുചുവട്ടിലായിരുന്നത്രേ.




ജൈനമത സ്ഥാപകനായിരുന്ന വർദ്ധമാന മഹാവീരൻ അശോകമരത്തിനു കീഴിലിരുന്നാണ് മതതത്ത്വങ്ങൾ ജനങ്ങളോട് വിശദീകരിച്ചിരുന്നത്.രാവണൻ സീതയെ തട്ടിക്കൊണ്ടുപോയി പാർപിച്ചിരുന്നതും അശോകവനിയിലെ അശോകമരത്തിന്റെ ചുവട്ടിലായിരുന്നലോ.

അശോകം ഒരു ഔഷധ സസ്യം കൂടിയാണ്.കുട്ടികൾക്കുണ്ടാകുന്ന ചൊറി,കരപ്പൻ എന്നിവയ്ക്ക് അശോകമരത്തിന്റെ പൂവ് വെളിച്ചെണ്ണയിലിട്ട് കാച്ചി ഉപയോഗിക്കുന്നു.





കുഞ്ഞുമനസ്സിന്റെ

# തേങ്ങൽ

ചിത്രലേഖ എൻ കെ

നല്ല മഴയുള്ള രാത്രി.കുത്തിയൊലിക്കുന്ന മഴ മഴവെള്ളപ്പാച്ചിലിൽ അവൾ മുഴുകിയിരിക്കുകയാണ്.ആരയോ കാത്തിരിക്കുന്നതുപോലെ അമ്മു ഇരിക്കുകയാണ്. അവളുടെ മുൻപിലേക്ക് ഒരു ബൈക്ക് വെളിച്ചം കടത്തികൊണ്ടുവന്നു.അമ്മു അച്ഛാ എന്ന് വിളിച്ചുകൊണ്ട് ഓടി ചെന്നു .അവൾ ഉറക്കേ വിളിച്ചു അഛാ......അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പൊഴിഞ്ഞു തുടങ്ങി...

വാർഡൻ അമ്മുവിനെ മെല്ലെവിളിച്ചു.അവൾ വാർഡനെകെട്ടിപ്പിടിച്ചു.അവൾ കണ്ണുനീർതുടച്ചുകൊണ്ട് മുറിയിലേക്ക് നടന്നു.അമ്മു ഉറക്കത്തിലേക്ക് വഴുതി വീണു.പതിയെ കണ്ണുകൾ അടച്ചു.അവൾകണ്ടു.മഴ പൊടിഞ്ഞു കൊണ്ടിരിക്കുന്ന മഞ്ഞുവീഴുന്ന ഒരു രാവിലെ അച്ഛനും അമ്മയും അമ്മുവും കൂടി അമ്പലത്തിൽ പോയി വരുകയാണ്.



ഇന്ന് അമ്മുവിന്റെ പിറന്നാളാണ്.അമ്മു സ്കൂളിലേക്ക് പോകാൻ തുടങ്ങുമ്പോൾ തന്നെ നല്ല മഴയുണ്ട്.പെട്ടെന്ന് അവൾ ഉറക്കത്തിൽ നിന്നുണറന്നു.വാർഡൻ വാതിലിൽ മുട്ടിവിളിച്ചു.അവൾ വാതിൽ തുറന്നു.`അമ്മു വേഗം പല്ലുതേച്ച് കുളിച്ച് വരു ഒരു

സംഭവമുണ്ട്.' അവൾ പെട്ടന്ന് റെഡിയായി.അവൾ മെല്ലെ നടന്നു.വാർഡൻ അവളെ ഒരു മുറിയിലേക്ക് വിളിച്ചു.



അവൾ മുറിയിലെത്തിയപ്പോൾ കണ്ടത് അത്ഭുതമായിരുന്നു.ഒരു കേക്ക് അതിനു ചുറ്റും അവളുടെ കൂട്ടുകാരും.അവളെ അവർ വിളിച്ചു.അവൾ കേക്ക് മുറിച്ചു.അവർ ഒന്നായി അവൾക്ക് പിറന്നാൾ ആശംസപാടി.ഒരു കഷ്ണം കേക്ക് വാർഡൻഅവളുടെ വായിൽ വച്ചു കൊടുത്തു. അവൾ വീണ്ടും ഒർമ്മിച്ചു.

സ്കൂളിൽ കൂട്ടുകാരുമായി മഴയെ ആസ്വദിച്ചുകൊണ്ടിരുന്ന അമ്മുവിനെ പ്യൂൺ വന്നു വിളിച്ചു.'അമ്മു നിന്നെ ടീച്ചർ വിളിക്കുന്നുണ്ട്' ടീച്ചർ അവളോട് പറഞ്ഞു.'നമ്മുക്ക് ഒരു സ്ഥലം വരെ പോകാം'.അമ്മു ടീച്ചറുടെ കൂടെ പോയി.അവൾ ഒരു സ്ഥലത്ത് ഇറങ്ങി അവർ ഓർത്തു.ഇത് എന്റെ വിടിലേക്കുള്ള വഴിയാണല്ലൊ.നിറയേ ആൾക്കൂട്ടം അവൾ ഓടിചെന്നു.അവിടെ അവളുടെ വീട് ഇല്ല.ആ മലപ്രദേശത്ത് വന്ന ഒരു ഉരുൾപൊട്ടലിൽ അവളുടെ വീട് തകർന്നു.അഛനും അമ്മയും ആ അപകടത്തിൽ.അവൾ കണ്ണുനീർ ഏറ്റുവാങ്ങി മഴ അപ്പോഴും കരയുന്നുണ്ടായിരുന്നു.അവൾ കരഞ്ഞു.എന്റെ അഛനും അമ്മയും ഈ ദിവസം.വാർഡൻ അവൾ കരയുന്നത് കണ്ട് അവളെ ചേർത്തു പിടിച്ചു.അവളെ ആശ്വസിപ്പിച്ചു.ആ അമൃത അനാഥാലയം തിളങ്ങി.

തുടരും:






# THE THREE INTIMATE FRIENDS

Muhammed Rishan 9.A

Once in a village,there lived three friends named Gopu,Nandu and Shyam.Each of them were engaged in different works.Gopu was tailor and goldsmith.Nandu was sculpture and Shyam was a person who sells‘sindooram’. Once when their village met with famine they set off to another country, taking with them all their instruments or weapons needed for their work.They travel through a deep forest and when it became dusk. they decided to stay for the night somewhere in the forest. Since there are thieves they had to protect their weapons.So they planned to take the duty alternatively,to guard their weapons. When Nandu was on duty, a big tree fall there.He immediately started working on the tree and made a beautiful sculpture of a women .when his time to guard the weapons were over, it came Gopu’s turn.He made a dress fit for that sculpture.He also made some beautiful ornaments with gold. Now, the sculpture exactly looked like a women.After that shyam came and apply some ‘sindooram’ on its fore head. Immediately there came a “Ttoo” sound and the sculpture came with life.A beautiful women was standing in front of them and they started quarrelling for its ownership.Each of them said it belonged to him since he had contributed much for it. At last they decided to approach a priest for a solution. The priest told that since nandu made the sculpture he was its god.The person who gave her clothes and ornaments is it’s father and who apply ‘sindooram’ on its forehead is its husband. Thus the problem regarding its ownership was solved. And they returned to their own village happily...





*പുരാതന* കാലം മുതൽ ആശയവിനിമയത്തിനുള്ള മാർഗ്ഗമായിരുന്നു കത്തുകൾ എഴുതുന്നത്.സുഹൃത്തുക്കൾക്കെഴുതുന്നത് കുടുംബങ്ങൾക്കെഴുതുന്നത് ഓഫീസുകളിതലേക്കുള്ള കത്തുകൾ,പരാതികത്തുകൾ,അറിയിപ്പുകൾ,ക്ഷണകത്തുകൾ, വിശേഷദിനാശംസകത്തുകൾ എന്നിങ്ങനേ വിവിധ തരം കത്തുകൾ......

ഏതാനും വർഷങ്ങക്കിടെ കത്തെഴുത്ത് നാം പാടെമറന്നുതുടങ്ങിയിരിക്കുന്നു. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും വ്യാപനം ഈ ശീലം. പാടെ ഇല്ലാതായിരിക്കുന്നു. കത്തെഴുതുമ്പോൾ കിട്ടുന്ന മനസുഖം ഒന്നുവേറെതന്നെയാണ. നേരിൽ പറയുന്നതിനേക്കാളും ഫോണിനേക്കാളും കൂടുതൽ നമുക്ക് സമയമെടുത്ത് വിനിയോഗം ചെയ്യാൻ കത്തിലൂടെ കഴിയുന്നു.കത്തെഴുത്ത് പൂർണ്ണമായും നമ്മുടെ സ്വന്തം സൃഷ്ടിയാണ് നേരിട്ടുപറയാൻ വിഷമമുള്ളതോ സങ്കീർണ്ണതകൾ ഉള്ളതോ ആയ വിഷയങ്ങൾ നമുക്ക് എഴുത്തിലൂടെ നിർഴഫിക്കാൻ പറ്റുന്നു.





## നമുക്ക് തിരിച്ചുപോകാം

# കത്തെഴുത്തിലേക്ക്



നസ്ലിൻ.വി 8.D




സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കുമുള്ള കത്തുകളിൽ എഴുത്തുനോടൊപ്പം നമുക്ക് പലതരം വരകളിലൂടേയും സനേഹം പ്രകടിപ്പിക്കാം. ഒരു കത്ത് പോറ്റ്മാൻ നമ്മെ ഏൽപ്പിക്കുമ്പോൾ കിട്ടുന്ന സന്തോഷം പറഞ്ഞറിയിക്കാൻ പ്രയാസമാണ്.കത്തുകൾ ഫയലുകളിലാക്കി സൂക്ഷിക്കുന്നത് ഒരുതരം ഹോബിയാണ്.വർഷങ്ങൾക്കുമുമ്പേ നാം സൂക്ഷിച്ചുവെക്കുന്ന കത്തകളും കാർഡുകളും മറ്റും പിൽക്കാലത്ത് മറിച്ച് നോക്കുമ്പോൾ നാം ഓർമകളിലേക്ക് തിരിച്ചു പോകുന്നു. നമ്മുടെ മനസ്സിനകത്ത് വല്ലാത്ത ഒരു ഉൻമേഷം നൽകും. നാം മറക്കാൻ തുടങ്ങിയ പല സുഹൃത്തുക്കളും നമ്മുടെ മുൻപിൽ പ്രത്ത്യക്ഷപ്പെടും. അതേ യുവത്ത്യത്തോടെ........

വിദേശ തലങ്ങളിലുള്ള സുഹൃത്തുക്കളുമായി പെൻഫ്രണ്ട്സ് ബന്ധം നിലനിർത്തുന്നവരുമുണ്ട്.അതുവഴി വ്യത്യസ്ത ദേശങ്ങളെ പറ്റി,സംസകാരം,ഭാശ,വിനോദം,എന്നിങ്ങനെ വിനിമയം ചെയ്യാൻ പറ്റുന്നു. ഏതായാലും ശാസ്ത്രം എത്രയൊക്കെ വികസിച്ചാലും മനസ്സിന്റെ വികാസത്തിനും യുവത്വത്തിനും എഴുത്ത് മാർഗ്ഗമുള്ള വിനിമയം നൽകുന്ന ഗുണം മറ്റൊരരു രിതിക്കും കഴിയില്ല......





# അ
# പ
# രി
# ചി
# തം

പരിചിതമാം വഴികളെനിക്കിന്നപരിചിതം
കേട്ട വാക്കുകളെല്ലാം
കാത് തുളക്കുന്ന ശൂലങ്ങൾ
തോട്ടറിഞ്ഞവയെല്ലാം പൊള്ളുന്ന
തീക്കനെലുകൾ
ഓർത്തെടുത്തവയെക്കെല്ലാം
നാറുന്ന ഗന്ധം
കാലത്തിനോരത്ത് നടന്നകലുമ്പോൾ
വഴിതിരിയാതെ നട്ടം
ഷെറീന കെതിരിക്കുന്ന പാതയോരം

കാലുറപ്പിച്ച മൺതരികളിൽ
അഗാധഗർത്തം
ചുവരുകളിൽ വിള്ളൽ വീണ ബന്ധങ്ങൾ
മേൽക്കുരയ്യെക്കന്തോ ഭയാനകമാം നോട്ടം
ഗതികെട്ട വൃക്ഷങ്ങളെല്ലാം
കാറ്റിലാടിയുലയുമ്പോൾ
ചുറ്റിലും കാതടിപ്പിക്കുന്ന ആർത്തനാദം
നെറികെട്ട നീതീ ത്രാസിൽ
തുങ്ങിയാട്ടുമ്പോഴ
മയക്കത്തിലേർപ്പെട്ട യുവത്വം കാലത്തിൻ
പേക്കോലം
ഇന്റർനെറ്റിലമർന്നില്ലാതായ
കഥയറിയാത്ത ബാല്യങ്ങൾ
ചിതറിയ ഓർമകളിൽ
ഞെരിഞ്ഞമരുന്ന വാർധക്യം

കനവുകൾ തേടിയുഴറുന്ന
കള്ളകാമിനികൾ
കളങ്ക മറ്റ സ്നേഹത്തിനായി
കാതോർക്കുന്ന ശൈശവം
നന്മ പൂക്കുന്നിടമിന്നൊരു
തിന്മതൻ വസന്ത ഭൂമി സ്നേഹത്തിൻ
വിലപേശുന്ന

നരനൊരു തീരാശാപം

ലോകമേ................

നീയെനിക്കിന്നപരിചിതം.

-



# ഇലയും
# പൂവും



ധന്യ. സി

ആരും വായിക്കാതെ പോയ
ഒരു കവിതയിലെ അവസാന വരി
എന്റെ വായനയുടെ സ്വർഗ്ഗമായെതെപ്പോഴാണെന്ന്
പൊഴിഞ്ഞഇലയോട് വീഴാനൊരുങ്ങിയ പൂവിന്റെ ചോദ്യം
ആഴങ്ങളിൽ വിങ്ങുമ്പോൾ,പിറന്നവീണേക്കാവുന്ന
വാക്കിന്റെ തേങ്ങലുകൾ

ആരും വായിക്കാതെപോയ ആകവിതയിലെ
അവസാന വരി ഞാൻ തന്നെയെന്ന ഇല.
വറ്റിയ വേനലിന്റെ കാലടിയിൽ വീണ
ഇതളുകളിൽ നമ്മുടെ പ്രണയം വീണ്ടും
പൂമണമാവുമെന്ന്,ആത്മാവിന്റെ അസ്ഥി-
പൂക്കുന്നിടത്ത് വേരുകൾ പൂവിനെ
പ്രസവിക്കുമ്പോൾ മഴഭ്രൂമിയെ ചുട്ടു
പൊള്ളിക്കുമ്പോൾ ഇലയോർമ്മ-



യൊരു മഴയോർമയിൽ പൊഴിയാതെ
ഒരിക്കൽ മറന്നേക്കാമെന്ന് ശാസ്വം
മുട്ടിച്ച സ്വപ്നങ്ങളൊക്കേയും പിന്നേയും
ജീവിതംനെയ്യുന്നമെന്ന് എന്നോക്കാത്ത
മയിൽ പീലി പുസ്തകത്താളുകളെ
പെറ്റുനിറച്ചെന്നറിഞ്ഞ ഒരുകിനാവിലെങ്കിലും
നമ്മളുണ്ടെന്ന്,എന്നേക്കും ജീവികുമെന്ന്
അക്കാലം വരേയ്ക്കും,ആരും വായിച്ചില്ലയെങ്കിലും
ആ കവിതയും അവസാനവരിയും
നിന്റെസ്വർഗ്ഗമെന്ന്
പൂവിന്റെ കണ്ണിയെ അവസാന തുടിപ്പ നോക്കി
ഇല പറഞ്ഞു കൊണ്ടേയിരുന്ന
ഒരോ നേർത്തശാസ്വഗതിയിലും
ഒരേ സ്വപ്നവേഗങ്ങളിലൊരേകവിതയാവാൻ
ഇല പൂവിനെ കാത്തു കാത്ത് .....
അവസാന വരിയിലെ അവസാന ശ്വാസമായി
പൂവ് ഇലയോട് ചേരും വരെ
ആ കവിത വായിക്കപ്പെടാതിരിന്നു...







ഋത്വിക് ഗോപാൽ
10 B

# മന്ത്രം

ജോസഫ് കണ്ണുതുറന്നു . ഭൂതകാലത്തിന്റെ കറുത്ത നിഴൽ പടർന്ന ഓർമ്മകൾ തികട്ടിക്കോണ്ടേയിരുന്നു. ശരീരമാസകലം കലശലായ വേദനയുണ്ട് .അപകടക്ഷീണത്തിൽ അമർന്ന ജോസഫിന് ആശുപത്രിയിലെ ബഹളം സ്വസ്ഥത നൽകിയില്ല . മനസ്സ് ചഞ്ചലമായിക്കൊണ്ടിരുന്നു എല്ലാവർക്കും തിരക്കാണ് . അല്ലേലും തിക്കാനും തിരക്കാനും  ഉള്ളതല്ലേ ജീവിതം എന്ന് ചിന്തിച്ചു കൊണ്ട് അയാൾ എഴുന്നേറ്റു . കഴിഞ്ഞതെല്ലാം മറന്ന് അയാൾ ഓഫീസിൽ പോകണമെന്ന് വിചാരിച്ചു. മറ്റുള്ളവരുടെ സഹാനുഭൂതിയുടെ അമിതഭാരം താങ്ങണം എന്നോർത്തപ്പോൾ ആ ദിവസം ഒരു അവധിയിൽ ഒതുക്കി.

ആശുപത്രിയിൽനിന്ന് അനാഥനായി അയാൾ ഇറങ്ങി. ഉറ്റവരും ഉടയവരും ഇല്ലാതെ നടന്ന് നടന്ന് തന്റെ ഒഴിഞ്ഞ വീട്ടിലെത്തി. മനസ്സ് പ്രക്ഷുബ്ധമാകയാൽ അയാൾക്ക് വീട്ടിൽ നിൽക്കാനായില്ലസ്വസ്ഥതക്കായി തന്റെ ഏക ഗുരുവിന്റെ  അടുത്തേക്ക്  ഒഴിഞ്ഞ നടപ്പാതയിലൂടെ നടന്നു നീങ്ങി. ജീവിതത്തിൽ താൻ എപ്പോഴൊക്കെ പതറിയോ അപ്പോഴെല്ലാം തന്റെ ഗുരുവാണ്  തനിക്ക് ആശ്വാസം പകർന്നത്  എന്ന

ആത്മവിശ്വാസത്തോടെ മൂവന്തിയിൽ അയാൾ ഗുരുവിന്റെ വീട്ടിലെത്തി . ആഗതന്റെ മനസ്ഥിതി അറിഞ്ഞ് ഗുരു കടലാസിൽ കുത്തിക്കുറിച്ച്അയാൾക്ക് കൊടുത്തു. ആ വൃദ്ധൻ തുടർന്നു."ജീവിതത്തിലെ പല നിമിഷങ്ങളും കടന്നു നീ ഇവിടെ എത്തി. ഇനിയും നിനക്ക് നീങ്ങാൻ ഇതുപകരിക്കും" ഗുരു കുറിച്ചു നൽകിയ വരികളിലൂടെ  സഞ്ചരിക്കുമ്പോൾ അമ്മയുടെയും ഭാര്യയുടെയും പൊന്നുമകന്റേയും മുഖങ്ങൾ തെളിഞ്ഞുവന്നു. കവല കടന്ന് ദേവാലയത്തിലെ പടികൾ കടന്ന് ദൈവസന്നിധിയിൽ അയാൾ മുട്ടുകുത്തി പ്രാർത്ഥിച്ചു . തിരിച്ചു പടികളിറങ്ങുമ്പോൾ ആകാശത്ത് മിന്നിത്തിളങ്ങുന്ന മൂന്നു നക്ഷത്രങ്ങൾ ആയിരുന്നു  അയാളുടെ ജീവൻ.





അഭിനവ് മെൽവിൻ

8 B



# മാഷിന്റെ വല്ലാത്ത ഒരു കഥ

സെൽവിൻ എന്ന ഒരു കൊച്ചു ബാലൻ കവലയിൽ പോയി ലോട്ടറി വിൽക്കുകയാണ്. അവൻ അനാഥനാണ്. ലോട്ടറി വിറ്റ് കിട്ടുന്ന കാശ് കൊണ്ടാണ് അവൻ ദിവസത്തെ ആഹാരത്തിന് വകയുണ്ടാക്കുന്നത്. അവന് ടിക്കറ്റ് നൽകുന്നത് ഭാസ്കരേട്ടനാണ്. അവന്റെ അച്ഛന്റെ ഏറ്റവും അടുത്ത മിത്രമായിരുന്നു ഭാസ്കരൻ. അവന്റെ മാതാപിതാക്കൾ ഒരു വാഹനാപകടത്തിൽ മരിച്ചു പോയി.ഭാസ്കരേട്ടൻ അവന് മാസം 200 രൂപയും ലോട്ടറി ടിക്കറ്റുമായിരുന്നു കൊടുക്കൽ.ഇടയ്ക്കു ഭാഗ്യം വരും.അത്

പോകും.അങ്ങനെയായിരുന്നു.ഒരിക്കൽ അവന് 500 രൂപ അടിച്ചു.അത് അവന്റെ ബാലേട്ടന്റെ കൈയ്യിലാണ് കൊടുത്തത്.അവൻ ഭാസ്കരേട്ടനെ ബാലേട്ടൻ എന്നാണ് വിളിക്കുക.ബാലേട്ടന് ദിനപത്രമിടുന്ന പരിപാടിയുമുണ്ട്.അവന് വായിക്കാനും, എഴുതാനും അറിയുമായിരുന്നു.സെൽവിൻ ദിവസവും പത്രം വായിക്കുമായിരുന്നു. അവന്



പൊതു വിവരം നല്ലവണ്ണം അറിയുമായിരുന്നു പത്രം വിൽക്കാൻ അവൻ ഇടയ്ക്ക് പോകാറുണ്ടായിരുന്നു.അതിൽ നിന്ന് കിട്ടുന്ന വരുമാനം അവൻ ഒരു കുഞ്ചിയിൽ നിക്ഷേപിക്കുമായിരുന്നു.ഒരു ദിവസം കുട്ടികൾ കൂട്ടത്തോടെ സ്കൂളിലേക്ക് പോകുന്നത്

അവൻ കണ്ടു.അവൻ ബാലേട്ടനോട് പറഞ്ഞു" എനിക്കും സ്കൂളിൽ പോകണം". അവൻ പത്ത് വയസ്സ് കഴിഞ്ഞിരുന്നു.അവന് ആവശ്യമുള്ള അടിസ്ഥാന സാധനങ്ങൾ വാങ്ങിച്ച് കൊടുക്കൽ ബാലേട്ടനാണ്.നല്ല സ്വഭാവവും ദയാശീലവും ക്ഷമയുള്ള ഒരു കുട്ടിയാണ് സെൽവിൻ.അവനെ അഞ്ചാം ക്ലാസ്സിൽ ചേർത്തി.അവൻ ക്ലാസ്സിൽ ഒന്നാമനായി.ഒഴിവു ദിവസങ്ങളിൽ അവൻ ജോലിയെടുത്തു.അവൻ മലനാട് സ്കൂളിലാണ് പഠിച്ചത് അവിടെയുള്ള അദ്ധ്യാപകർ അവന്റെ അടുക്കൽ നിന്ന് മാസത്തിൽ ലോട്ടറി എടുക്കുമായിരുന്നു.അത് അവർക്ക് വേണ്ടിയായിരുന്നില്ല.സെൽവിനോടുള്ള ഇഷ്ടം കൊണ്ടായിരുന്നു.അവൻ പത്താം ക്ലാസ്സ് രണ്ടാം റാങ്കോടുകൂടി മലനാടിന്റെ അഭിമാനമായി മാറി.സർക്കാർ അവന് സൗജന്യ വിദ്യാഭ്യാസം നൽകുവാൻ തീരുമാനിച്ചു.അവനും ബാലേട്ടനും



താമസിച്ചിരുന്ന ഒരു മുറിയുള്ള വീട് നാട്ടുകാർ തിയ്യിട്ട് നശിപ്പിച്ചു..അതിന് പകരം  നല്ല ഒരു വീട് ഉണ്ടാക്കി കൊടുത്തു.അവന്റെ സ്വന്തം നാട്ടുകാർ.അവൻ പഠിച്ച പണിയെടുത്തു.അവന്റെ ജീവിതം കടന്നു പോയി.അവന് ചെറുപ്പത്തിലേ കാക്കിയോട് ഒരിഷ്ടം ഉണ്ടായിരുന്നു.അവൻ നല്ല ഒരു നീന്തൽക്കാരനുമായിരുന്നു.അവൻ ഇന്ത്യക്ക് വേണ്ടി ഒരു ഒളിമ്പിക്സ് മെഡൽ നേടണമെന്ന് ആഗ്രഹമുണ്ടായിരുന്നു.ഫെൽപേസിന്റെ വേഗതയേക്കാൾ കുറവ് മാത്രമേ ഉണ്ടായിരുന്നു. അവൻ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങി കിട്ടുന്ന പൈസ അതിൽ നിക്ഷേപിക്കാൻ തുടങ്ങി.ഒരിക്കൽ അവൻ പി.എസ്.സി. പരീക്ഷ എഴുതാൻ പോയി.എ.സി.ഡി. പോസ്റ്റിലേക്ക്.മടങ്ങി വരുമ്പോൾ അവൻ കോടീശ്വരനായി തീർന്നിരുന്നു.



അവന് അവസാനം കിട്ടിയ ടിക്കറ്റ് അടിച്ചു,ആറ് കോടി.അവൻ അതിൽ നിന്ന് പണം എടുത്തിരുന്നത് ബാലേട്ടന്റെ ചികിത്സക്ക്

വേണ്ടി മാത്രമായിരുന്നു.വലിയ രോഗം ഒന്നുമെല്ലായിരുന്നു വയസ്സ് കൂടുമ്പോൾ ഉ-ണ്ടാകുന്ന ചില അസുഖങ്ങൾ മാത്രമായിരുന്നു.അവൻ ജില്ലാ തലത്തിൽ 100 m റെക്കോർഡ് സ്വർണ്ണം നേടി.ദേശിയ തലത്തിലും അത് ആവ ത്തിച്ചു.ആദ്യമായി ഇന്ത്യയിൽ നിന്നും ഒരു ഒളിമ്പിക്സിൽ പങ്കെടുക്കാനുള്ള ടിക്കറ്റ് കിട്ടി.ജൂൺ ഒന്നാം തിയ്യതി പുറപ്പെടണം.ജൂൺ 12 ന് എ.സി.ഡി. ഇന്റെർവ്യൂ ആണ്.ജീവിതത്തിന്റെ ഏതു വഴി തിരഞ്ഞെടുകെണമെന്ന് തീരുമാനിച്ചു ഒന്നാം തിയ്യതി ആദ്യമായി വിമാനത്തിൽ കാലുവെച്ചു അനുഭവവുമായി ബാലേട്ടനും സെൽവിനും.വിമാനം ടേക്ക് ഓഫ് ചെയ്തു.നാല് മണിക്കൂർ യാത്രയുണ്ട്.പെട്ടന്ന് സിഗ്നൽ നഷ്ട്ടപെട്ടു.ഫ്യുവൽ തീർന്നു.വിമാനം കത്തി നശിച്ചു.അങ്ങനെ ഇന്ത്യയുടെ താരം അസ്തമിച്ചു.എങ്ങനെയുണ്ട് മക്കളെ കഥ.എന്ന അധ്യാപകന്റെ ചോദ്യം കേട്ടപ്പോൾ വിഷമത്തോടെ നാലാം ക്ലാസ്സ് വിദ്യാർത്ഥികൾ പറഞ്ഞു.വല്ലാത്ത ഒരു കഥ ആയി പോയി സാറെ......








അശാന്തിയുടെ ഇരുട്ടിലേക്ക് പ്രവാസിയായ അയാൾ കുറേ നേരമായി നോക്കി നിൽക്കുന്നു.ഇന്നയാൾ തന്റെ നാട്ടിലേക്ക് യാത്ര തിരിക്കുകയാണ്.തന്റെ നാട് എന്നൊന്നും പറയാൻ കഴിയില്ല.ചെറുപ്പത്തിൽ തന്നെ അമ്മയും അച്ഛനും മരിച്ചു.പിന്നെ അനാഥാലയത്തിൽ ആയിരുന്നുഅവിടെ വെച്ച് അവർ അയാളുടെ കല്യാണം നടത്തി.അവൾ ഒരു പെൺ കുഞ്ഞിന് ജന്മം നൽകികൊണ്ട് ഇഹലോകം വെടിഞ്ഞു.അയാൾക്ക് ഇപ്പോൾ സ്വന്തമെന്നും ബന്ധമെന്നും പറയാൻ തന്റെ മകൾ സിയ മാത്രമേ ഉള്ളൂ. അവൾ ഇപ്പോൾ അനാഥാലയത്തിൽ ആണ് കഴിയുന്നത്. അയാൾ തന്റെ മകളെ വിളിക്കുമ്പോൾ എല്ലാം അവൾ ഒന്നേ നിർബന്ധിച്ച് പറയാറുള്ളൂ.അച്ഛാ അച്ഛൻ വരുമ്പോൾ എനിക്ക് ഒരു ഡയമണ്ടിന്റെ മാല കൊണ്ടുവരണേ...എന്തായാലും വേണട്ടോ... അയാൾ അയാളുടെ മാലാഖയായ മകൾക്ക് അവൾ പറഞ്ഞതിനനുസരിച്ച് മാല വാങ്ങി. അത് ഓർത്ത് കൊണ്ട് അയാൾ തന്റെ



കൈപത്തിക്കുള്ളിലേ മാല മുറുക്കി പിടിച്ച വിമാനം ഉയരാൻ തുടങ്ങി അയാൾ തന്റെ മകളെ കുറിച്ച് ഓർത്തു. കഴിഞ്ഞ മൂന്ന വർഷമായി അവൾ അനാഥാലയത്തിലായിരുന്നു.അവൾക്ക് ജന്മം നൽകിയ അമ്മ ലോകം വെടിഞ്ഞിട്ട എട്ട വർഷമായി. അവൾക്ക് ആകെ ഞാനും എനിക്ക് ആകെ അവളും മാത്രമേ...ഉള്ളൂ.ചായയുമായി എത്തിയ എയർഹോസ്റ്റസിന്റെ ശബ്ദം കേട്ടാണ് അയാൾ ഉണർന്നത്.അയാൾ അത് എടുത്തില്ലവേണ്ടെന്ന് പറഞ്ഞു വീണ്ടും മയക്കത്തിലേക്ക് ആണ്ടു. തന്റെ മകൾ, അവൾ അനാഥ,അവൾക്കുള്ള മാലയെല്ലാം മനസ്സിൽ ഒരു പുഴ പോലെ ഒഴുകികൊണ്ടിരുന്നു.

പെട്ടെന്നാണ് വിമാനത്തിന്റെ മൈക്കിലൂടെ ഞെട്ടിക്കുന്ന വാർത്ത പുറത്തുവന്നത്.വിമാനം അപകടത്തിൽ പെട്ടിരിക്കുന്നു.എല്ലാവരോടും ജാക്കറ്റ് ധരിക്കാൻ പറഞ്ഞു തീരുന്നതിന് മുമ്പ് അതി കഠിനമായ ശബ്ദത്തോടെ അത് പൊട്ടി തെറിച്ച താഴെ വീണു.



ചോരയൊലിക്കുന്ന അയാളുടെ വായയിലൂടെ അവസാനമായ വാക്കുകൾ പുറത്തു വന്നു.മോളേ...സിയ.അയാൾ അന്ത്യശ്വാസം വലിച്ചു.അയാളുടെ  മകളും അയാളെ പോലെ ചെറുപത്തിൽ തന്നെ അനാഥയായി മാറി.

ചോരയൊലിക്കുന്ന അയാളുടെ കൈയിൽ അപ്പോഴും ഭദ്രമായി തന്നെ ഡയമണ്ടിന്റെ മാല തിളങ്ങുന്നുണ്ടായിരുന്നു

--

# കടത്തുതോണി

ഷൈനി കെ



കറുപ്പു കലർന്ന അകാശത്തിനുകീഴെ
അഴക്കടലിന്റെ നീലിമയ്ക്കു മീതെ
ഓളങ്ങളെ കീറിമുറിച്ചൊഴുകുന്നു...
കടത്തുതോണി...
കാളിമയെ വെണ്മയാക്കാൻ
അട്ടഹാസത്തെ അലയൊലിയാക്കാൻ
കരുത്തുള്ളൊരു കടത്തുതോണി...
ആയിരം സ്പർശങ്ങളെ ആലിംഗനങ്ങളാക്കി
ആഴങ്ങളിലേക്ക് പങ്കായമെരറിയുന്നു.
തിരയുടെ ആത്മനൊമ്പരത്തിന്റെ തേങ്ങലുകൾ
തന്റെ തണ്ടിനാൽ തലോടി കീഴ്പ്പെടുത്തുന്നു.
അടരാടുന്ന ജീവിതപ്പൊയ്കയിൽ
കാലമാകുന്ന കടത്തുതോണി...



പിന്നെയും പിന്നെയും തന്റെ സ്പർശങ്ങളാൽ
തീരത്തണയും കടത്തുതോണി,
പിന്നെ ആരുമേ കാണാതെ ഏകാന്തതയുടെ
മാറിലേക്കായതു മറഞ്ഞുപോയി.
ഇനിയൊരിക്കലും എന്റെ കൈകളിൽ
വന്നു ചേരാത്തൊരു ബാല്യമെന്ന കടത്തുതോണി
അക്കരെയെത്താറായെന്നു വെറുതേ തോന്നുന്നു,
അതെന്നിലെ തോന്നൽ മാത്രം.
തുഴയണം, ആഞ്ഞുതുഴയണം കാരണം
ഇത് ജീവിതമാകും കടത്തുതോണി








ഇ.എം.എസ് ഗവ:ഹയർ സെക്കണ്ടറി സ്കൂൾ
പെരുമണ്ണ
ക്ലബ്ബുകളുടെ ഉദ്ഘാടനം
ശ്രീ. അഭിലാഷ് തിരുവോത്ത്
30.7.2019 ചൊവ്വ



# വർണ്ണ കാഴ്ചകൾ
















കോഴിക്കോട്
വിദ്യാരംഗം കലാ സാഹിത്യ വേദി
design
Little Kite



ഇ.എം.എസ്. ജി.എച്ച്.എസ്.എസ്. പെരുമണ്ണ
SSLC, +2 ഉന്നത വിജയികളെ അനുമോദിക്കലും
എഡ്യുകെയർ പദ്ധതി ഉദ്ഘാടനവും 2019-20
ഉദ്ഘാടനം
ശ്രീ. ബാബു പറശ്ശേരി
(ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്)
10.07.2019
ബുധൻ 10 AM
സ്കൂൾ ഓഡിറ്റോറിയം
സാന്ദ്ര. വി FULL A+
വിശ്വജിത്ത്. ഇ FULL A+
സുദേവ്. എൻ FULL A+
അമീന ഷെറിൻ. സി FULL A+
ഫാത്തിമ ഹന്ന. ടി FULL A+
സന ഫാത്തിമ FULL A+
ഫാത്തിമ ഷഹാന. കെ 9 A+
ഫാത്തിമ ഹന്ന 9 A+
ആയിഷ ദില.എം 9 A+
ബാഷിറ. വി 9 A+
റിഫ്ന ഷെറിൻ. കെ 9 A+
ആലിയ. കെ.പി +2 സയൻസ്
ഫാത്തിമ ഹിബ. സി +2 സയൻസ്
തേജസ്വി പ്രശാന്ത് +2 ഹ്യൂമാനിറ്റീസ്




ഇ.എം.എസ്. ജി.എച്ച്.എസ്.എസ്. പെരുമണ്ണ
അഭിമാനപൂർവ്വം, ഇവരിലൂടെ നമ്മുടെ വിദ്യാലയവും
ശാസ്ത്ര–ഗണിത ശാസ്ത്ര–സാമൂഹ്യ ശാസ്ത്ര–പ്രവർത്തി പരിചയ–
ഐ.ടി മേളയുടെ സംസ്ഥാന തല വേദിയിലേക്ക്.
ഋതിക് ഗോപാൽ ഇ.എം
സയൻസ് ക്വിസ്, ജില്ലാതലം 2nd A ഗ്രേഡ്
പനയോല കൊണ്ടുള്ള ഉൽപ്പന്നങ്ങൾ,
ജില്ലാതലം 1st A ഗ്രേഡ്
അനസ് ലുലൂസ് കെ.പി
ചന്ദനത്തിരി നിർമ്മാണം,
ജില്ലാതലം 1st A ഗ്രേഡ്




ഇ.എം.എസ്. ജി.എച്ച്.എസ്.എസ്. പെരുമണ്ണ
കഠിന പ്രയത്നത്തിലൂടെ രാജ്യ പുരസ്കാർ നേടി
സ്കൂളിന്റെ വിജയചരിത്രത്തിന് പുതിയ ഏടുകൾ തുന്നിച്ചേർത്ത
മിടുക്കർക്ക്
അഭിനന്ദനങ്ങൾ
Rashid C.M
Abdul Haseeb
Darsak Sarang
Abhinav .S
Ajay Biju
Haja Nain Athif
Rithik Gopal
ഇവരോടൊപ്പം ഈ നേട്ടത്തിന്
ഊടും പാവും നെയ്ത സ്കൗട്ട് മാസ്റ്റർ
ശ്രീ. രാകേഷ് സാറിനും
അനുമോദനങ്ങൾ
Dheeraj M.C
Aswajith
Amesh
Muhammed Ajmal
Muhammed Shaham
Abhijith M.M
പി.ടി.എ. – ഇ.എം.എസ്. ജി.എച്ച്.എസ്.എസ്. പെരുമണ്ണ



kite team